**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3967** **17-03-2025 - ൽ മറുപടിയ്ക്ക്**

**വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സ്റ്റാഫ് പാറ്റേൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | പാറശ്ശാല നിയോജകമണ്ഡലത്തിലെ വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അനുവദിക്കപ്പെട്ട സ്റ്റാഫ് പാറ്റേൺ എപ്രകാരമാണെന്നും ഓരോ വിഭാഗത്തിലും എത്ര ജീവനക്കാർ ജോലിചെയ്യുന്നുണ്ടെന്നുമുള്ള വിവരം തസ്തിക തിരിച്ച് ലഭ്യമാക്കാമോ; നിലവിൽ അനുവദിക്കപ്പെട്ട സ്റ്റാഫ് പാറ്റേൺ പ്രകാരം ജീവനക്കാരുടെ കുറവുണ്ടോയെന്ന വിവരം അറിയിക്കാമോ; | (എ) | നിലവിലുള്ള സ്ഥിരം ജീവനക്കാരുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. ഇതിൻപ്പുറമേ NHM മുഖാന്തരം 3 മെഡിക്കൽ ഓഫീസർമാർ, 4 സ്റ്റാഫ് നഴ്സ് ഉൾപ്പെടെ 19 താല്ക്കാലിക ജീവനക്കാരുടെ സേവനം അധികമായി ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആരോഗ്യകേന്ദ്രത്തിലെ സ്റ്റാഫ് പാറ്റേൺ അവസാനമായി പരിഷ്കരിച്ചത് എപ്പോഴാണ്; വിശദാംശം ലഭ്യമാക്കാമോ; | (ബി) | സ.ഉ.(സാധാ) നം.207/2021/ആ.കു.വ തീയതി 22.01.2021 പ്രകാരം സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ സ്റ്റാൻഡേർഡൈസേഷൻ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ആരോഗ്യകേന്ദ്രത്തിൽ സാമൂഹികാരോഗ്യ കേന്ദ്രത്തിന് അനുസൃതമായ സ്റ്റാഫ് പാറ്റേൺ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (സി) | സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളിൽ ഗ്യാപ്പ് അനാലിസിസ് നടത്തി തസ്തിക സൃഷ്ടിക്കുന്ന നടപടി ഘട്ടം ഘട്ടമായി സ്വീകരിച്ചു വരുന്നു. |
| (ഡി) | വെള്ളറട സാമൂഹികാരോഗ്യകേന്ദ്രത്തിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചതെന്നും അതിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിവരം ലഭ്യമാക്കാമോ; | (ഡി) | നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |
| (ഇ) | പ്രസ്തുത ആരോഗ്യകേന്ദ്രത്തിൽ 2011 മുതലുള്ള സർക്കാരുകളുടെ കാലത്ത് നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അതിലേക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അറിയിക്കാമോ; പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (ഇ) | 1. പാലിയേറ്റീവ് കെയർ ബ്ലോക്ക് -40 ലക്ഷം രൂപ -പദ്ധതി പൂർത്തീകരിച്ചു<br><br>2. ഐസൊലേഷൻ വാർഡ് -1.75 കോടി രൂപ- പദ്ധതി പൂർത്തിയായി വരുന്നു.<br><br>3. ഒ.പി ബിൽഡിംഗ് -2 കോടി രൂപ -സൂപ്പർ സ്ട്രക്ച്ചർ നിർമ്മാണ പ്രവൃത്തികൾ നടന്നു |

| | | | |
|---|---|---|---|
| | | | കൊണ്ടിരിക്കുന്നു.<br><br>കൂടാതെ പെരുങ്കട വിള ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് മോർച്ചറിയ്ക്കായി ഒരു കെട്ടിടവും നിർമ്മിച്ചിട്ടുണ്ട്.<br><br>വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിൽ എൻ.എച്ച്.എം മുഖേന ആർദ്രം പദ്ധതിയുടെ ഭാഗമായി സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്ന പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്. പ്രസ്തുത പ്രവൃത്തിയ്ക്കായി സംസ്ഥാന പ്ലാൻ ഫണ്ടായ 40 ലക്ഷം രൂപയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. KSIE എന്ന ഏജൻസിക്കാണ് നിർവ്വഹണ ചുമതല നൽകിയിട്ടുള്ളത്. നിലവിൽ 90% പ്രവൃത്തികൾ പൂർത്തീകരിച്ചു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **തസ്തിക** | **എണ്ണം** | **ഇപ്പോൾ ഒഴിവുള്ള തസ്തികകൾ** |
|---|---|---|
| സിവിൽ സർജൻ | 1 | – |
| അസിസ്റ്റന്റ് സർജൻ | 2 | – |
| നഴ്സിംഗ് ഓഫീസർ | 2 | – |
| ഫാർമസിസ്റ്റ് | 1 | – |
| ലാബ് ടെക്നീഷ്യൻ | 2 | 1 |
| നഴ്സിംഗ് അസിസ്റ്റന്റ് | 3 | 2 |
| ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 2 | 3 | – |
| ഹെഡ് ക്ലാർക്ക് | 1 | – |
| ക്ലാർക്ക് | 2 | 1 |
| ക്ലാർക്ക് ടൈപ്പിസ്റ്റ് | 1 | – |
| ഓഫീസ് അറ്റൻഡന്റ് | 1 | – |
| ഡ്രൈവർ | 1 | – |
| പാർട്ട് ടൈം സ്വീപ്പർ | 1 | 1 |
| ഹെൽത്ത് സൂപ്പർവൈസർ | 1 | – |
| ഹെൽത്ത് ഇൻസ്പെക്ടർ | 1 | – |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 4 | – |
| പബ്ലിക് ഹെൽത്ത് നഴ്സ് | 1 | – |
| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 10 | 2 |

സെക്ഷൻ ഓഫീസർ